# ബർസ—തലകുനിക്കാത്തവൾ

"സബിത 'ദുആ' പുസ്തകം അടച്ചു കയ്യിൽ പിടിച്ചു. ആരോ എഴുതിയുണ്ടാക്കിയ ഈ പ്രാർത്ഥന ഉരുവിടുന്നതെന്തിനാണ്? ദൈവവും മനുഷ്യനും തമ്മിൽ സ്വന്തം ഭാഷയിൽ സ്വന്തം ചിന്തയിൽ നേരിട്ടുമാകാമല്ലോ." സഫാമാർവാ മലകൾക്കിടയിലൂടെ പുണ്യത്തിനായി ഓടുന്നവരുടെ ഇടയിൽ തളർന്നിരുന്ന സബിത ചിന്തിച്ചതിങ്ങനെയാണ്. അവളുടെ മുന്നിൽ സഹസ്രാബ്ദങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന ഹാജിറാബീവിയുടെ രൂപം തെളിഞ്ഞു. അവർ പറയുന്ന ഓരോ വാക്കിലും സ്ത്രീത്വത്തിന്റെ നിസ്സഹായത തെളിഞ്ഞുകാണാം. സ്നേഹത്തിന്റെ പട്ടുനൂലിഴകൾകൂടി അറ്റുപോകുമോ എന്ന ഭയന്ന് അടിമത്തത്തിന്റെ ചങ്ങലക്കെട്ടുകൾ അറുക്കാൻ ശ്രമിക്കാഞ്ഞവളാണ് ഹാജിറാബീവി. ഇന്നും സ്ത്രീയുടെ മനസ്സ് ഇതേ നിസ്സഹായാവസ്ഥയിൽ തുടരുന്നു. ഇസ്ലാമിലൂടെ സബിത നടത്തുന്ന യാത്രയാണ് ഈ നോവൽ. തുറന്ന മനസ്സോടെ വിശുദ്ധഗ്രന്ഥത്തെ സമീപിച്ച സബിത, കാലം മുസ്ലീംസ്ത്രീകളെ എങ്ങനെ അടിച്ചമർത്തി എന്ന് തിരിച്ചറിയുന്നു.

അധികാരം കയ്യാളുന്നവരാണ് ചരിത്രം നിർമ്മിക്കുന്നത്. അവരുടെ ഇച്ഛയ്ക്കനുസരിച്ചാണ് ചരിത്രസംഭവങ്ങൾ വ്യാഖ്യാനിക്കപ്പെടുന്നത്. പുരുഷനിർമ്മിത മൂല്യങ്ങളെയും കാഴ്ചപ്പാടുകളെയും വലിച്ചെറിഞ്ഞ് നിഷേധിക്കപ്പെട്ട സ്വാതന്ത്ര്യം വീണ്ടെടുക്കാനുള്ള അഭിവാഞ്ഛയാണ് സ്വാതന്ത്ര്യത്തെക്കുറിച്ച് ചിന്തിക്കാൻ സ്ത്രീയെ പ്രേരിപ്പിച്ചത്. സ്വത്വം തേടുന്ന സ്ത്രീ സമൂഹത്തിലും സാഹിത്യത്തിലും തന്റേതായ ഇടം

കണ്ടെത്താൻ ശ്രമിക്കുന്നതോടെ പ്രതിരോധത്തിന്റെ സ്വരം ഉയരുന്നു. എഴുത്ത് പ്രതിരോധത്തിനുള്ള ആയുധമാകുന്നതോടെ അവൾക്ക് എതിർപ്പുകളെയും നേരിടേണ്ടിവരുന്നു. സ്വാനുഭവത്തിന്റെ തീവ്രത പെൺരചനകളെ തീക്ഷ്ണമാക്കുമെന്നതിനു തെളിവാണ് ഖദീജമുംതാസിന്റെ 'ബർസ' എന്ന നോവൽ.

ഏഴാംനൂറ്റാണ്ടിൽ ആയിരക്കണക്കിന് സ്ത്രീകൾ ഗോത്രാധിപത്യത്തിൽനിന്ന് രക്ഷനേടാനായി മദീനയിലേക്ക് പലായനം ചെയ്തുവെന്ന് ചരിത്രപുസ്തകങ്ങൾ രേഖപ്പെടുത്തുന്നു. അവർ സാർവ്വത്രികസമത്വത്തിന്റെ സന്ദേശവുമായിവന്ന പ്രവാചകന്റെ അനുയായികളായി മാറി. പ്രവാചകൻ മുസ്ലീങ്ങളുടെ നേതാവായി മാറിയതോടെ സ്ത്രീകൾക്കും പൂർണ്ണ പൗരത്വം ലഭിച്ചു. പ്രവാചകന്റെ സഹപ്രവർത്തക എന്ന അർത്ഥംവരുന്ന 'സഹാബി' പദവി അവർക്കുണ്ടായിരുന്നു. പ്രവാചകനുമായി സ്വതന്ത്രമായി ആശയവിനിമയം നടത്താനും സൈനികവും രാഷ്ട്രീയസംബന്ധവുമായ കാര്യങ്ങളിൽ ഇടപെടാനും സമരംചെയ്യാനുമൊക്കെ മുസ്ലീം സ്ത്രീകൾക്ക് കഴിഞ്ഞിരുന്നു.

പിൽക്കാലത്ത് പ്രവാചകന്റെ സന്ദേശങ്ങൾ വളച്ചൊടിക്കപ്പെട്ടു. ഭൂതകാലത്തെ വിശുദ്ധിയുടെ മാനദണ്ഡമായി ഉപയോഗിച്ച് വർത്തമാനത്തെ നിയന്ത്രിക്കാമെന്നു കണ്ടെത്തിയ അധികാരികൾ സ്ത്രീകളുടെ പല അവകാശങ്ങളെയും നിഷേധിച്ചു. ഇസ്ലാം ഒരു വ്യക്തിയുടെ വിശ്വാസം എന്ന നിലയിലും ഭരണകൂടമെന്ന നിലയിലും പ്രവർത്തിക്കുമ്പോഴാണ് ആശയക്കുഴപ്പമുണ്ടാകുന്നത്. അധികാരം സ്ഥാപിച്ചെടുക്കാൻ വ്യാജഹദീസുകൾ നിർമ്മിക്കപ്പെട്ടു. സ്ത്രീകൾ മൂടുപടങ്ങൾ ധരിക്കേണ്ടിവന്നു. ക്രമേണ അവർക്ക് സ്വത്വം നഷ്ടപ്പെടുകയായിരുന്നു. മുസ്ലീംരാഷ്ട്രങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ സ്വതന്ത്രവ്യക്തിത്വങ്ങളുടെ വികാസത്തെ പ്രോത്സാഹിപ്പിച്ചിരുന്നില്ല എന്നുകാണാം. യാഥാസ്ഥിതികത്വം ചോദ്യംചെയ്യപ്പെടുന്ന ഒരളവിലേക്ക് വ്യക്തികൾ വളരുന്നത് അധികാരികൾക്കും മതമേധാവികൾക്കും ഭീഷണിയായിത്തീരുമെന്ന് അവർ ഭയപ്പെട്ടു.

ആർക്കും ചോദ്യംചെയ്യാനോ വിമർശിക്കാനോ പറ്റാത്ത അധികാരശക്തിയാണ് മതവും ദൈവവും വിശുദ്ധഗ്രന്ഥങ്ങളും എന്ന ബോധം വിശ്വാസികളിൽ വളർത്താനുള്ള ശ്രമമാണ് നടന്നത്. "നല്ലകാര്യങ്ങൾ ചെയ്യുമ്പോൾ എന്നെ അനുസരിക്കുക, തെറ്റായ വഴിക്കു പോവുകയാണെങ്കിൽ തിരുത്തുക. ഞാൻ നിങ്ങളുടെ ഭരണാധികാരിയാണ്

പക്ഷേ നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ഞാനല്ല" എന്ന നബിവചനം ആരും ഓർക്കുന്നില്ല.

'ലൈംഗികതയുടെ ചരിത്രം' എന്ന തന്റെ ഗ്രന്ഥത്തിൽ ഫൂക്കോ പറയുന്നു, "അധികാരമുള്ളിടത്തൊക്കെ ചെറുത്തുനില്പുമുണ്ട്." 'ബർസ' എന്ന നോവലിലും സ്ത്രീയുടെ പ്രതിഷേധമുണ്ട്. മുസ്ലീംഭരണത്തിന്റെ കീഴിൽക്കഴിയുന്ന മുസ്ലീംസ്ത്രീകളുടെ ജീവിതം അടുത്തറിഞ്ഞ നോവലിസ്റ്റ്, സബിത എന്ന കേന്ദ്രകഥാപാത്രത്തിന്റെ ചിന്തകളിലൂടെ പ്രതികരിക്കുകയാണ്.

റഷീദിന്റെ കുടുംബവുമായുള്ള ബന്ധവും അവനോടുള്ള പ്രണയവും സബിതയ്ക്ക് ഒരുപോലെ വിലപ്പെട്ടതാണ്. അതുകൊണ്ടാവാം അന്യമതത്തെയും സംസ്കാരത്തെയും പെട്ടെന്ന് തന്റെ ജീവിതത്തിന്റെ ഭാഗമാക്കാൻ അവൾക്കു കഴിഞ്ഞത്. ഇസ്ലാംമതത്തെ അടുത്തറിയാൻ അവൾ മതഗ്രന്ഥങ്ങളിലൂടെ ശ്രദ്ധയോടെ സഞ്ചരിച്ചു. സൗദിയിലെത്തിയ സബിത ഇസ്ലാമിന്റെ മറ്റൊരുമുഖമാണു കണ്ടത്. കർശനമായ നിയമങ്ങൾ, മതാചാരങ്ങൾ, അറബികളുടെ മാത്രമല്ല മറ്റു പല നാട്ടുകാരുടെയും സ്വഭാവസവിശേഷതകൾ, ജീവിതരീതി എല്ലാം അവൾ സൂക്ഷ്മമായിത്തന്നെ നിരീക്ഷിക്കുന്നുണ്ടായിരുന്നു.

മതപഠനം സബിതയെ ആഴത്തിൽ ചിന്തിക്കാൻ പ്രേരിപ്പിച്ചു. ഒന്നാം അദ്ധ്യായത്തിൽ യഥാർത്ഥത്തിൽ സ്ത്രീയുടെ മതമെന്തെന്ന ചോദ്യത്തിന് ഉത്തരം നൽകുന്നുണ്ട്. പിന്നീട് പല സന്ദർഭങ്ങളിലും അവൾ പറയുന്നുണ്ട്, എല്ലാ നിയമങ്ങളും പുരുഷനിർമ്മിതമാണ്, പുരുഷനുവേണ്ടിയുള്ളതാണ്. സബിത കണ്ടുമുട്ടുന്ന സ്ത്രീകളിൽ ഭൂരിപക്ഷവും സാമൂഹികവ്യവസ്ഥിതിയെ നിർവികാരതയോടെ അംഗീകരിക്കുന്നവരാണ്. ബഹുഭാര്യാത്വവും മറ്റു ദുരാചാരങ്ങളും അവരെ അലോസരപ്പെടുത്തുന്നില്ല. നിലവിലിരിക്കുന്ന വ്യവസ്ഥിതിയിൽനിന്നു കിട്ടാവുന്നതെല്ലാം നേടിയെടുക്കുക എന്ന് പ്രായോഗികമായി ചിന്തിക്കുകയും ജീവിതം സുഖകരമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരാണവർ. ഈ നിർവികാരത അവരിൽ അടിച്ചേല്പിക്കപ്പെട്ടതാണ്. ഭർത്താവിനോട് അനുസരണക്കേടു കാട്ടുന്ന സ്ത്രീകളാണ് നരകത്തിൽ ഏറെയുള്ളത്. ഇസ്ലാംമതം സ്വീകരിക്കാത്തവരെല്ലാം നരകത്തിൽ വേവും, മഫ്തയിൽനിന്നു സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന ഓരോ മുടിയിഴയും നിങ്ങൾ നരകത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടാൻ കാരണമാകും എന്നുതുടങ്ങി ധാരാളം ദുർവ്യാഖ്യാനങ്ങൾ കേട്ടുവളർന്ന് ആചാരങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കിയവരാണവർ.

സ്ത്രീ, പുരുഷന്മാരുടെ കൃഷിയിടമാണെന്ന വചനം പല രീതിയിലും വ്യാഖ്യാനിക്കപ്പെടാം. പുരുഷമേധാവിത്വത്തിന്റെ കണ്ണിൽ സ്ത്രീശരീരം തന്റെ സ്വാർത്ഥതയ്ക്കനുസരിച്ച് ചെത്തിമിനുക്കാനുള്ള അധികാരം പുരുഷനുണ്ട്. മതാചാരമെന്ന പേരിൽ പെൺകുട്ടികളെയും ചേലാകർമ്മത്തിനു വിധേയരാക്കുന്ന സുഡാനികളെക്കുറിച്ച് നോവലിൽ പരാമർശിക്കുന്നുണ്ട്. പരിഷ്കാരികളും വിദ്യാസമ്പന്നരുമൊക്കെയായ രക്ഷിതാക്കൾപോലും ഇത്തരം കാട്ടാളത്തിനു കൂട്ടുനിൽക്കുന്നത് സബിത ഞെട്ടലോടെയാണ് കാണുന്നത്. പുരുഷന് ലൈംഗികതയും സ്ത്രീക്ക് അലൈംഗികതയുമാണ് പുണ്യം എന്നാണ് പുരുഷകേന്ദ്രിതമായ സമൂഹത്തിന്റെ വിശ്വാസം.

റഷീദും മതത്തെക്കുറിച്ചറിയാനും മതത്തിലൂടെ യാത്രചെയ്യാനും ശ്രമിക്കുന്നുണ്ട്. മക്കയിൽവച്ച് റഷീദ് നൂറ്റാണ്ടുകൾക്കപ്പുറത്തുനിന്നുവന്ന ഒരു മനുഷ്യനെ കണ്ടുമുട്ടുന്നു. ഇസ്ലാമിക നിയമവാഴ്ചയെക്കുറിച്ച് വ്യത്യസ്തമായ ചിന്തകൾ അയാൾ റഷീദിലേക്ക് പകരുന്നു. മതപരമായ കാര്യങ്ങളെക്കുറിച്ച് തുറന്നചർച്ചയ്ക്കൊരുങ്ങുന്ന റഷീദ് യാഥാസ്ഥിതികത്വത്തിൽ ഉറച്ചുനിൽക്കുന്ന പുരുഷനല്ല.

എന്നും അല്ലാഹുവിന്റെ വാക്കുകൾ പിൻതുടരുക, സ്ഥിരമായി സ്ത്രീക്കും പുരുഷനും ഇണചേർന്നു ജീവിക്കാനുള്ള ഒരു നിയമപരമായ ഉടമ്പടിയാണ് വിവാഹം, വിശ്വസ്തതയോടെ വിശുദ്ധിയോടെ ജീവിക്കുക, ഭർത്താവിന്റെ അഭീഷ്ടപ്രകാരം സന്താനോല്പാദനം നടത്തുക എന്നിങ്ങനെയുള്ള നിയമങ്ങൾ അതുപോലെ അനുസരിക്കാൻ സബിത തയ്യാറായിരുന്നില്ല. സബിതയുടെ മതപഠനം അപൂർണമായതുകൊണ്ടാണ് വഴിമാറിചിന്തിക്കുന്നതെന്നായിരുന്നു സുഹൃത്തായ ഡോക്ടർ കണ്ടെത്തുന്നത്. ഖുറാൻ വചനങ്ങളുടെ ആശയം സന്ദർഭങ്ങൾ വിവരിച്ച് കാലത്തിനും സംസ്കാരത്തിനുമനുസരിച്ച് വ്യാഖ്യാനിക്കാത്തതുകൊണ്ടാണ് പല ദുരാചാരങ്ങളും ഇസ്ലാമിന്റെ ജീവിതത്തിന്റെ ഭാഗമായതെന്നു കണ്ടെത്തുന്ന സബിതയ്ക്ക് സ്വയം പഠിക്കാനും അന്വേഷിക്കാനുമായിരുന്നു ഇഷ്ടം. നന്മയെ നഷ്ടപ്പെടുത്തിയാലും ആചാരങ്ങൾ കൈവിടില്ല എന്നു വിശ്വസിക്കുന്ന ഒരു സമൂഹത്തെ മാറ്റിയെടുക്കുക എളുപ്പമല്ല എന്നു സബിത തിരിച്ചറിയുന്നു.

രണ്ടാംവിവാഹക്കാരിക്ക് പെൺപണം കുറച്ചുനൽകിയാൽ മതി, കന്യകയ്ക്കു കൂടുതൽ പെൺപണം നൽകണം. മതത്തിലും വേദഗ്രന്ഥങ്ങളിലും പുരുഷന്റെ മേൽക്കോയ്മ അവളെ പീഡിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

മനസ്സിൽ മുറിവുകളുമായാണ് മുസ്ലീംസ്ത്രീകൾ കഴിയുന്നത്. "മുറിവേറ്റ സിംഹങ്ങൾ മുരളാതിരിക്കില്ല, അവ അഴികളിൽ ശക്തമായി മാന്തുന്നുണ്ട്" എന്ന് സബിത ചിന്തിക്കുന്നു. എത്രകാലം അടിച്ചമർത്തിയാലും സ്ത്രീയുടെ പ്രതിഷേധം പുറത്തുവരാതിരിക്കില്ല. ആശുപത്രിയിലെത്തുന്ന അറബിപ്പെണ്ണുങ്ങൾ ചികിത്സയെക്കുറിച്ച് നിരവധി സംശയങ്ങൾ ചോദിക്കും. ചികിത്സയിൽ വരുന്ന ചെറിയ പിഴവുകൾ അവർ ക്ഷമിച്ചിരുന്നില്ല. ശക്തമായി പ്രതികരിക്കുന്നവരാണവർ. പക്ഷേ പുരുഷന്റെ സ്വാർത്ഥതയ്ക്കു വഴങ്ങാനും അവരെ ആകർഷിക്കാനും അവർ നിരന്തരം ശ്രമിക്കുകയും സന്തോഷത്തോടെ വിധേയത്വം സ്വീകരിക്കുകയും ചെയ്യുന്നു. സ്ത്രീകളെ ശബ്ദമില്ലാത്ത, എളുപ്പം തളയ്ക്കാവുന്ന അനുസരണയുള്ള മൃഗങ്ങളാക്കിമാറ്റാൻ അധികാരികൾക്കു കഴിയുന്നു. അതിനുള്ള ശക്തമായ ആയുധങ്ങളാണ് വിശുദ്ധഗ്രന്ഥവും നബിവചനങ്ങളും

കനേഡിയൻ എഴുത്തുകാരി ആലിസൺ വിയറിംഗ് ഇറാൻസന്ദർശനത്തിന്റെ അനുഭവങ്ങൾ വിവരിക്കുമ്പോൾ മുസ്ലീംസ്ത്രീകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പീഡനങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഒരു ഇറാനി പുരോഹിതൻ പറയുന്നു, "സ്വാതന്ത്ര്യം വിലകൊടുത്തോ നിയമംമുഖേനയോ വാങ്ങേണ്ട വസ്തുവല്ല. അത് ഉള്ളിൽ അനുഭവിക്കേണ്ട ഒരവസ്ഥയാണ്." അതായത് പർദ്ദയ്ക്കുള്ളിലെ ഇറാനിസ്ത്രീകളുടെ ഹൃദയത്തിൽ വേണ്ടുവോളം സ്വാതന്ത്ര്യമുണ്ടെന്ന്. ഭാര്യമാർക്കിടയിൽ തെറ്റിദ്ധാരണകൾ വളർന്ന പശ്ചാത്തലത്തിലാണ് ഭാര്യമാരെ പുറംലോകവുമായുള്ള ബന്ധത്തിൽനിന്നകറ്റാൻ പ്രവാചകൻ മുതിർന്നത്. സ്ത്രീ വീടിനകത്തുതന്നെ ഇരിക്കണം, പുറത്തിറങ്ങുമ്പോൾ ആസകലം മറയ്ക്കണം. പല മുസ്ലീം രാഷ്ട്രങ്ങളിലും വിപ്ലവകാരികളായ സ്ത്രീകൾ പർദ്ദ വലിച്ചെറിഞ്ഞ് തെരുവിലേക്കിറങ്ങിയതായി ചരിത്രസംഭവങ്ങൾ രേഖപ്പെടുത്തുന്നു. എന്നാൽ സൗദി അറേബ്യയിൽ നിയമങ്ങൾ കുറേക്കൂടി കർശനമായിരുന്നു. റിയാദിൽ ജനിച്ചുവളർന്ന ഡോക്ടർ രജാഅൽസാനിയ 'റിയാദിലെ പെൺകുട്ടികൾ' എന്ന പുസ്തകത്തിൽ സൗദിയിലെ പെൺകുട്ടികളുടെ മനസ്സുതുറക്കുന്നു. കഥപറയാൻ ഇ-മെയിൽ സങ്കേതമുപയോഗിച്ച ഈ രചന സൗദിസർക്കാർ നിരോധിച്ചു. എഴുത്തുകാരിക്കുനേരെ വധഭീഷണിയുയർന്നു. എന്നിട്ടും പുസ്തകം രഹസ്യമായി പ്രചരിക്കപ്പെട്ടു. പർദ്ദയ്ക്കുള്ളിൽ രോഷം തിളച്ചു. നാലു പെൺകുട്ടികളുടെ കഥ പറയുമ്പോൾ ഒരിക്കലും വ്യവസ്ഥിതിയെ വെല്ലുവിളിക്കുന്നില്ല. എല്ലാനിമയങ്ങളും അനുസരിച്ചുകൊണ്ടുതന്നെ സ്ത്രീക്കും മനസ്സും സ്വപ്നങ്ങളും ഉണ്ടെന്ന് പ്രഖ്യാപിച്ച കഥാപാത്രങ്ങളാണവർ.

സാഹിത്യസൃഷ്ടികളിലൂടെ അസമത്വത്തെയും അനീതിയെയും എതിർത്ത നിരവധി എഴുത്തുകാരികളുണ്ട്.

ഇറാക്കിൽ കൂട്ടക്കൊലചെയ്യപ്പെട്ടവരാണ് നബിയുടെ പൗത്രൻ ഹുസൈനും കുടുംബവും. അവരിൽ ബാക്കിയായത് ഹുസൈന്റെ സ്വാതന്ത്ര്യദാഹിയായ മകൾ സുകൈന മാത്രം. അവളുടെ കഥ വായിച്ചപ്പോൾ കേരളത്തിലെ താത്രിക്കുട്ടിയെ സബിത ഓർത്തു. പുരുഷകാപട്യത്തിനെതിരെ ശബ്ദമുയർത്തിയവർ വേറെയുമുണ്ട്. സ്വാതന്ത്ര്യത്തിനുവേണ്ടി ഇറങ്ങിത്തിരിച്ച വിപ്ലവകാരിയായ അവളെ അറബികൾ വിളിച്ചത് 'ബർസ' എന്നാണ്. 'മുഖം മറയ്ക്കാത്തവൾ', 'തലകുനിക്കാത്തവൾ' എന്നൊക്കെയാണ് ആ വാക്കിന്റെ അർത്ഥം.

സബിതയ്ക്ക് സൗദിയിലെ ജീവിതം അസഹ്യമായിത്തോന്നിത്തുടങ്ങിയത് റഷീദും മാനസികമായ അകൽച്ച കാണിച്ചതോടെയാണ്. എത്ര ലോകപരിചയമുണ്ടായാലും പുരുഷന്റെ മനസ്സിലെ ആധിപത്യമനോഭാവം കുറയില്ല എന്നവൾ തിരിച്ചറിഞ്ഞു. ഔദ്യോഗികജീവിതത്തിലും പല സന്ദർഭങ്ങളിൽ അവളുടെ മനസ്സിൽ രോഷം പതഞ്ഞുപൊങ്ങിയിട്ടുണ്ട്. അവളുടെ പ്രതിഷേധം സൗദിയുടെ നിയമങ്ങൾക്കും ആചാരങ്ങൾക്കും മുന്നിൽ എരിഞ്ഞടങ്ങി. നാട്ടിലേക്ക് മടങ്ങാൻ അവൾ തീരുമാനിച്ചു. മതഗ്രന്ഥങ്ങൾ വായിച്ചും ആത്മീയകാര്യങ്ങളിൽ മുഴുകിയും സ്വയംതീർത്ത ഏകാന്തതയിൽ കഴിയുന്ന റഷീദിനും സബിതയുടെ തീരുമാനത്തെ അനുകൂലിക്കേണ്ടിവന്നു. യാത്രപറയാനെത്തിയ സബിതയോട് ഡോക്ടർ ആസ്യ പറയുന്നു, "നിങ്ങൾക്ക് നിലയ്ക്കാത്ത ഇച്ഛാശക്തിയും തിരിച്ചറിവുകളുമുണ്ട്. നാട്ടിലെത്തിയാൽ അവ ഇസ്ലാമിന്റെ വളർച്ചയ്ക്കുവേണ്ടി ഉപയോഗിക്കുക." സൗദിയിലെ ഓരോ പെണ്ണിന്റെയും ഉള്ളിൽ ഈ തിരിച്ചറിവുണ്ടാകും. പക്ഷേ വ്യവസ്ഥിതിക്കുമുന്നിൽ അവരുടെ പ്രതിഷേധങ്ങൾ ദുർബലമാകുന്നുവെന്നുമാത്രം.

ഏഴുകൊല്ലത്തെ സൗദിയിലെ ജീവിതത്തിൽനിന്ന് എന്താണ കിട്ടിയതെന്ന ചോദ്യത്തിന് സബിത വ്യക്തമായ ഉത്തരം നൽകുന്നുണ്ട്. അവൾ ഇസ്ലാമിൽനിന്ന് വെള്ളവും വളവും ശേഖരിച്ചിട്ടുണ്ട്. അതിലെ സാമൂഹികസമത്വം, സാഹോദര്യം, മതം ആവശ്യപ്പെടുന്ന സാമൂഹ്യപ്രതിബദ്ധത, അതിന്റെ ചരിത്രത്തിലുറങ്ങുന്ന വിപ്ലവാംശം, റഷീദിനോടുള്ള അഗാധപ്രണയം ഇതൊക്കെയാണ് സബിതയെ ആകർഷിച്ചത്. ഇസ്ലാംമതത്തിന്റെ നന്മകൾ കണ്ടെത്താൻ ഏഴുവർഷത്തെ പ്രവാസജീവിതത്തിലെ അന്വേഷണം അവളെ സഹായിച്ചു. "എവിടെനിന്നൊക്കെ

വെള്ളവും വളവും വലിച്ചെടുത്താലും മരങ്ങളെല്ലാം ആകാശം സ്വപ്നംകണ്ടുതന്നെ വളരുന്നു. അവിടേക്കുതന്നെ കൈകളും ചില്ലകളുമുയർത്തുന്നു." സ്ത്രീസ്വാതന്ത്ര്യത്തിന്റെയും ആത്മീയതയുടെയും അംശങ്ങൾ ഇഴചേർന്നുകിടക്കുന്ന ഈ വാക്കുകൾ സബിതയുടെ മതമെന്തെന്നു വ്യക്തമാക്കുന്നു. മഫ്തയിൽനിന്നു കുതറിയ ചെമ്പൻ ചുരുൾമുടിയിഴകൾ അതിരിടുന്ന സബിതയുടെ സ്വർണ്ണമുഖത്തിന് ചരിത്രത്തിൽ താനെവിടെയോ കണ്ടുമുട്ടിയ പെൺമുഖത്തോടു സാദൃശ്യമുണ്ടല്ലോ എന്നു റഷീദ് ചിന്തിക്കുമ്പോഴാണ് നോവൽ അവസാനിക്കുന്നത്.

സബിതയുടെ പ്രവാസജീവിതം, സൗദിയിലെ സ്ത്രീകളുടെ അവസ്ഥ, അവിടുത്തെ ജീവിതം, ജോലിതേടി സൗദിയിലെത്തി എന്നും രണ്ടാംകിട പൗരത്വം അനുഭവിക്കുന്ന വിദേശികൾ എന്നിങ്ങനെ നിരവധി കാര്യങ്ങൾ പറഞ്ഞുതീർക്കാനുള്ള വ്യഗ്രതയിൽ നോവൽ പലപ്പോഴും വെറും വിവരണമായിപ്പോകുന്നുണ്ട്. ഈ നോവലിന്റെ ശില്പഭംഗിയോ നോവലിസ്റ്റിന്റെ രചനാതന്ത്രമോ ഒന്നും ആരും ചർച്ച ചെയ്യാനിടയില്ല. പ്രമേയമാണ് ഈ നോവലിന്റെ കരുത്ത്. റഷീദിനുവേണ്ടി മതം മാറിവന്ന സബിതയെയാണ് നോവലിസ്റ്റ് കേന്ദ്രകഥാപാത്രമാക്കിയത്. മുസ്ലീംസമുദായത്തിൽ ജനിച്ചുവളർന്ന ഒരു പെണ്ണാണ് ഇങ്ങനെ പ്രതിഷേധം പ്രകടിപ്പിച്ചിരുന്നതെങ്കിൽ കൂടുതൽ എതിർപ്പുകൾ ഈ കൃതി ഏറ്റുവാങ്ങുമായിരുന്നു. പല അദ്ധ്യായങ്ങളും ചില ആശയങ്ങളുടെ ചർച്ചകളായിത്തന്നെയാണ് അവതരിപ്പിക്കുന്നത്.

സ്ത്രീ അവളുടേതായ ഇടം കണ്ടെത്തേണ്ടതുണ്ട്. ഏതു നാട്ടിലായാലും ഏതു മതത്തിലായാലും ബഹുഭൂരിപക്ഷം സ്ത്രീകളും അവഗണിക്കപ്പെടുന്നു. അവർക്കിടയിൽനിന്ന് ചരിത്രബോധത്തോടെ, ഇച്ഛാശക്തിയോടെ തങ്ങളുടെ ജീവിതത്തെ വായിക്കാനും പ്രതിഷേധിക്കാനും അത് ആവിഷ്കരിക്കാനും കഴിയുന്നവർ ഇനിയും മുന്നോട്ടുവന്നേ മതിയാകൂ എന്നാണ് ഈ നോവൽ വായനക്കാരെ ബോദ്ധ്യപ്പെടുത്തുന്നത്.

ദീപ ആർ.വി.എം.
ഗവേഷക, കാര്യവട്ടം കാമ്പസ്,
കേരളയൂനിവേഴ്സിറ്റി.